പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 253 07.02.2018-ൽ മറുപടിക്ക്

## നദികളുടെയും നദീതീരങ്ങളുടെയും സംരക്ഷണം

ചോദ്യം ഉത്തരം

ശ്രീ.പി.ടി.എ. റഹീം
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.പി. ഉണ്ണി
,, ജോൺ ഫെർണാണ്ടസ്

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നദികളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കാമോ; | (എ) | 2001-ൽ നിയമ സഭ പാസാക്കിയ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായ നടപടികളാണ് നദികളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായി സർക്കാർ സംസ്ഥാന - ജില്ലാ തലങ്ങളിൽ സ്വീകരിച്ചുവരുന്നത്.<br>• സംസ്ഥാന തലത്തിൽ നദീസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാതല വിദഗ്ദ്ധ സമിതികൾ ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുമായി 2017 ഫെബ്രുവരി 23-ലെ സ.ഉ(പി)നം.14/2017/ റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചു.<br>• ജില്ലാതലത്തിൽ നദീ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലേയ്ക്കായി 14 ജില്ലകളിലും ജില്ലാതല വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചു.<br>• റിവർ ബാങ്ക് മാപ്പിംഗും സാന്റ് ആഡിറ്റിംഗും നടത്തിയിട്ടില്ലാത്ത 15 നദികളിൽ കുടി അത് ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു.<br>• സംസ്ഥാനത്തെ നദീസംരക്ഷണ പ്രവർത്തനങ്ങളെ ഊർജിജിതപ്പെടുത്തുന്നതിലേയ്ക്കായി |

| | | | |
|---|---|---|---|
| | | | റിവർ മാനേജ്മെന്റ് സെൽ എന്ന സ്ഥാപനത്തെ ഐ.എൽ.ഡി.എം-നോട് ചേർത്ത് ഒരു സ്ഥിരം റിസർച്ച് സെന്ററായി ഉയർത്തി.<br>• നദികളെ സജീവമാക്കാൻ നദീതീരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ചും ജില്ലാതല വിദഗ്ദ്ധ സമിതി മുഖേന ശുപാർശകൾ സമർപ്പിക്കുമ്പോൾ കർശനമായി പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്<br>• നദീതീര സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾക്ക് പഠന വിധേയമായി മാത്രം ഭരണാനുമതി നൽകുന്നു. |
| (ബി) | ഇതിനായി ജില്ലാതല വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ജില്ലാതല വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്<br>• ജില്ലാതല വിദഗ്ദ്ധ സമിതികൾ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട് നദികളുടെ ജൈവ-ഭൗതിക പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാരിന് വേണ്ട ശുപാർശകൾ നൽകുക, സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾ കാലാനുസൃതമായി നടപ്പിലാക്കുക ഇവയാണ് ജില്ലാതല വിദഗ്ധ സമിതിയുടെ പ്രധാന ചുമതല |
| (സി) | നദികളുടെ സുഗമമായ ഒഴുക്കും ശുദ്ധതയും ഉറപ്പാക്കുന്നതിനും അവയുടെ ജൈവ, ഭൗതിക, പാരിസ്ഥിതിക വ്യവസ്ഥ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പ്രസ്തുത സമിതികൾ സ്വീകരിക്കുന്നത് എന്ന് അറിയിക്കുമോ; | (സി) | നദികളുടെ ജൈവ-ഭൗതിക പരിസ്ഥിതിയെ സംരക്ഷിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിലേയ്ക്കു ശുപാർശകൾ സമർപ്പിക്കുവാനും സർക്കാർ അംഗീകരിച്ച പദ്ധതികൾ മാത്രം നടപ്പിലാക്കുവാനുള്ള അധികാരം മാത്രമേ നിലവിൽ ജില്ലാതല വിദഗ്ദ്ധ സമിതികൾക്കും ഉള്ളു. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചു കൊണ്ട് നടപ്പിലാക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പദ്ധതികൾ ആണ് ജില്ലാതല വിദഗ്ദ്ധ സമിതികൾ നട |

| | | | |
|---|---|---|---|
| | | | പ്പിലാക്കുന്നത്. ഇതിൽ നദീതീര വികസന പദ്ധതികൾ, വെജിറ്റേറ്റീവ് പ്രോട്ടക്ഷൻ എന്നിവ ഉൾപ്പെട്ടിരിക്കുന്നു. |
| (ഡി) | നദി-നദീതീര സംരക്ഷണം സംബന്ധിച്ച് മേഖലാ ശില്പശാലകൾ സംഘടിപ്പിക്കാനുദ്ദേശിക്കന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | നദീ-നദീതീര സംരക്ഷണ വിഷയത്തിൽ മൂന്ന് മേഖലാ ശിൽപശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മേഖലാ ശില്പശാലകൾ വീണ്ടും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്<br>സംസ്ഥാന ഉന്നതതല സമിതിയുടെ 29.08.2017-ലെ യോഗ തീരുമാന പ്രകാരം 2017 സെപ്റ്റംബർ 25, 28, ഓക്ടോബർ 3 തീയതികളിൽ യഥാക്രമം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി "നദീ-നദീതീരം:സംരക്ഷണവും പരിപാലനവും" എന്ന വിഷയത്തെ ആസ്പദമാക്കി മൂന്ന് മേഖലാ ശിലപശാലകൾ സംഘടിപ്പിച്ചു. ജില്ലാതല വിദഗ്ദ്ധ സമിതി അംഗങ്ങളെ ബോധവൽകരിക്കുന്നതിലും റിവർ മാനേജ്മെന്റ് ഫണ്ട് കാര്യക്ഷമമായി നദീ സംരക്ഷണ പ്രവർത്തനങ്ങൾക്കു വേണ്ടി മാത്രം വിനിയോഗിക്കുന്നതിനുമായുള്ള ആശയ-നിർദ്ദേശ രൂപീകരണമായിരുന്നു ശില്പശാലയുടെ ലക്ഷ്യം. 14 ജില്ലകളിൽ നിന്നുമായി 258 ജില്ലാതല വിദഗ്ദ്ധ സമിതി അംഗങ്ങൾ ശിൽപ്പശാലകളിൽ പങ്കെടുത്തു. നദീസംരക്ഷണ പ്രവർത്തനങ്ങളിൽ പൊതു ജന പങ്കാളിത്തം കൂടി ഉറപ്പാക്കാൻ നദീസംരക്ഷണ പ്രവർത്തനങ്ങളിൽ തൽപ്പരരായ ജനങ്ങളെയും, സന്നദ്ധ സംഘടനകളെയും, പരിസ്ഥിതി പ്രവർത്തകരെയും, എൻ.എസ്.എസ്, എൻ.സി.സി തുടങ്ങിയ സംഘടനകളെയും പങ്കെടുപ്പിച്ചു കൊണ്ട് മേഖലാ ശില്പ്പശാലകൾ വീണ്ടും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് |

**സെക്ഷൻ ഓഫീസർ**